Janayugom 15-11-18, P-08

# കുരുമുളക് കർഷകർക്കായി കാർഷിക ആപ്പ് പുറത്തിറക്കി

കൊച്ചി: കർഷകർക്ക് കുരുമുളക് ഉദ്പാദനവും വിപണനവും സുഗമമാക്കുന്നതിന് അന്താരാഷ്ട്ര പെപ്പർ കമ്മ്യൂണിറ്റിയും, ഓൾ ഇന്ത്യ സ്പൈസസ് എക്സ്പോർട്ടേഴ്സ് ഫോറവും സംയുക്തമായി രൂപം നൽകിയ കാർഷിക ആപ്പ് കൊച്ചി ഹോളി ഡേ ഇന്നിൽ നടന്ന ചടങ്ങിൽ അവതരിപ്പിച്ചു.

സ്പൈസസ് ബോർഡ് സെക്രട്ടറി എം കെ ഷൺമുഖ സുന്ദരം കാർഷിക ആപ്പിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.ഹോർട്ടികൾച്ചർ കമ്മിഷണർ ഡോ.ബിഎൻഎസ് മൂർത്തി, കേരള ആഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ.ആർ.ചന്ദ്രബാബു, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ച് ഡയറക്ടർ ഡോ.നിർമൽ ബാബു, അരക്കനെട്ട് ആന്റ് സ്പൈസസ് ഡവലപ്മെന്റ് ഡയറക്ടറേറ്റ് തലവൻ ഡോ.ഹോമി ചെറിയാൻ, ഇന്റർനാഷണൽ പെപ്പർ കമ്മ്യൂണിറ്റി, ജക്കാർത്ത, എക്സിക്യൂട്ടീവ് ഡയറക്ടർ മിസ്.ഹുവാങ്തി ലീൻ, എ.ഐ.എസ്.ഇ.എഫ് ചെയർമാൻ പ്രകാശ് നമ്പൂതിരി എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

വിളകളുടെ ആരോഗ്യവും ഉത്പാദനവും വിതരണവും വിൽപനയും സംബന്ധിച്ച് രാജ്യത്തെ ഓരോ കർഷകനും നേരിടുന്ന പ്രശ്നങ്ങൾക്കും സംശയങ്ങൾക്കും കൃത്യമായി പരിഹാരം നൽകുന്ന വ്യക്തിഗത മൊബൈൽ ആപ്പാണിത് . കർഷകർ നൽകുന്ന വിൽപന പരസ്യങ്ങൾ ആപ്പ് ലഭ്യമാക്കും. കർഷകന് കൃത്യമായ വിപണി വില അറിയിക്കാനുള്ള സംവിധാനങ്ങളും ആപ്പിൽ സജ്ജീകരിച്ചിട്ടുണ്ട്. ഐപിസിഎഐഎസ്ഇഎഫിന്റെ നിർദേശാനുസരണം കോർബൽ ബിസിനസ് ആപ്ലിക്കേഷൻസ് ആണ് കാർഷിക ആപ്പ് വികസിപ്പിച്ചത്